## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – നിർത്തലാക്കിയതും നിലവിലുള്ളതുമായ വികസന അതോറിറ്റികളിൽ നിന്നും എൽ.ഐ.ജി, എം.ഐ.ജി, എച്ച്.ഐ.ജി വിഭാഗത്തിൽ ഭവനവായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക തീർക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ).2614/2010/തസ്വഭവ. തിരുവനന്തപുരം, തീയ്യതി. 7/8/2010

---

പരാമർശം:
1. 21/11/2009 ലെ സ.ഉ(എം.എസ്)നം.222/09/തസ്വഭവ നമ്പർ ഉത്തരവ്.
2. 30/1/2010 ലെ സ.ഉ(എം.എസ്)നം.22/10/തസ്വഭവ നമ്പർ ഉത്തരവ്.
3. 12/4/2010 ലെ സ.ഉ(എം.എസ്)നം.70/10/തസ്വഭവ നമ്പർ ഉത്തരവ്.
4. 23/3/2010 ലെ കൊല്ലം കോർപ്പറേഷൻ കൗൺസിലിന്റെ 14-ാം നമ്പർ തീരുമാനം.
5. 30/3/2010 ലെ കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ ഡിഡബ്ളിയു/4052/08/കെ.സി നമ്പർ കത്ത്.

### ഉത്തരവ്

1996 ന് മുൻപ് വികസന അതോറിറ്റികൾ വഴിയായി ഇഡബ്ളിയു.എസ് വിഭാഗത്തിൽ അനുവദിച്ച ഭവന വായ്പയുടെ വായ്പാകുടിശ്ശിക പൂർണ്ണമായും എഴുതിതള്ളുന്നതിന് പരാമർശം ഒന്ന് മുതൽ മൂന്ന് വരെയുള്ള സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ എൽ.ഐ.ജി, എം.ഐ.ജി, എച്ച്.ഐ.ജി വിഭാഗങ്ങളിൽപ്പെട്ട വായ്പ കുടിശ്ശികകൾക്ക് ഇത്തരത്തിൽ ഇളവുകളൊന്നും നൽകിയിരുന്നില്ല. ഈ വിഭാഗത്തിലും വായ്പയെടുത്തവർ തങ്ങളെ വായ്പാ കുടിശ്ശികയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടും / ഇളവുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടും ദിവസേന നിരവധി നിവേദനങ്ങൾ സർക്കാരിൽ സമർപ്പിക്കുന്നു. അവയെല്ലാംതന്നെ ജില്ലാകളക്ടറുടെയും തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികളുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരികയും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചുവരികയുമാണ്. വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നത് കാര്യക്ഷമമാക്കുന്നതിനായി എൽഐജി വിഭാഗത്തോടൊപ്പം എം.ഐ.ജി, എച്ച്.ഐ.ജി വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പോലുള്ള ഇളവുകൾ അനുവദിക്കുന്നതിന് പരാമർശം നാലിലെ കൊല്ലം കോർപ്പറേഷൻ കൗൺസിലിന്റെ തീരുമാന പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറി പരാമർശം അഞ്ച് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ.ഐ.ജി, എം.ഐ.ജി, എച്ച്.ഐ.ജി വിഭാഗത്തിൽപ്പെടുത്തി നിർത്തലാക്കിയതും നിലവിലുള്ളതുമായ വികസന അതോറിറ്റികളിൽ നിന്നും ഭവന വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പാകുടിശ്ശിക തീർക്കുന്നതിന് പ്രത്യേക ആനുകൂല്യമെന്ന നിലയിൽ എൽ.ഐ.ജി വിഭാഗത്തിൽപ്പെട്ടവർക്ക് പിഴപ്പലിശ പൂർണ്ണമായും ഇളവുചെയ്തുകൊണ്ടും എം.ഐ.ജി, എച്ച്.ഐ.ജി വിഭാഗക്കാർക്ക് പിഴപ്പലിശയുടെ 50% ഇളവു നൽകികൊണ്ടും കുടിശ്ശിക തീർക്കുന്നതിന് അനുമതി നൽകി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഈ പദ്ധതിയുടെ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേക്ക് മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി.ശ്യാമള
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ജിസിഡിഎ, കൊച്ചി.
സെക്രട്ടറി, ട്രിഡ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള നഗര ഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ.
സെക്രട്ടറി, കൊല്ലം / തൃശൂർ / കോഴിക്കോട് കോർപ്പറേഷൻ (വികസന വിഭാഗം)
സെക്രട്ടറി, ആലപ്പുഴ, കോട്ടയം, കണ്ണൂർ, കാസർഗോഡ്, പാലക്കാട്, നഗരസഭകൾ, (നഗരകാര്യഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ഇടുക്കി ജില്ലാപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് (പത്രമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി..എയ്ക്ക്.